# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1774 — 05.12.2014 ലെ മറുപടിക്ക്

## ആനാട് ഗ്രാമപഞ്ചായത്തിലെ സേവനങ്ങളിന്മേൽ കാലതാമസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഉമ്മർ : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളിൽ ബിൽഡിംഗ് പെർമിറ്റ്, എൻ.ഒ.സി. എന്നിവ നൽകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. കാലതാമസം ഒഴിവാക്കുന്നതിനായി കെട്ടിടനിർമ്മാണാനുമതിക്കുള്ള അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് 16.12.2013 ലെ സർക്കുലർ പ്രകാരം സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ്, എൻ.ഒ.സി. എന്നിവയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചു ; അപേക്ഷകന്റെ പേര്, വിലാസം, അപേക്ഷ ലഭിച്ച തീയതി, അതിന്മേൽ സേവനം ലഭ്യമാക്കിയ തീയതി എന്നിവ വേർതിരിച്ച് വിവരം നൽകുമോ ; | (ബി) ബിൽഡിംഗ് പെർമിറ്റിനായി 155 അപേക്ഷകളും എൻ.ഒ.സി.യ്ക്കായി 131 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) നിശ്ചയിക്കപ്പെട്ട സമയപരിധി കഴിഞ്ഞിട്ടും സേവനം ലഭ്യമാക്കാത്ത എത്ര കേസുകളുണ്ട് ; പ്രസ്തുത കേസുകളിൽ യഥാസമയം സേവനം ലഭ്യമാക്കാത്തതിന്റെ കാരണം ഓരോ കേസിലും വിശദമാക്കുമോ ; | (സി) സമയപരിധിക്കുള്ളിൽ സേവനം ലഭിക്കാത്ത 16 കേസുകൾ നിലവിലുണ്ട്. വിശദവിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. (ക്രമ നമ്പർ 140 മുതൽ 155 വരെ) |
| (ഡി) പഞ്ചായത്ത് ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ട് യഥാസമയം ലഭ്യമാക്കാത്തത് പ്രസ്തുത കാലതാമസത്തിന് കാരണമായിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;<br>(ഇ) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ മൂവ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ ; | (ഡി) & (ഇ) ഉണ്ട്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കൃത്യാന്തരബാഹുല്യവും, സമയക്കുറവുമാണ് കാലതാമസത്തിന് കാരണമായിട്ടുള്ളത്. |
| (എഫ്) ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് സെക്രട്ടറിയുടെ ഭാഗത്ത് നിന്നും സ്വീകരിച്ച നടപടികൾ ഓരോ കേസിലും വിശദമാക്കാമോ ? | (എഫ്) സ്ഥലപരിശോധന സമയബന്ധിതമായി നടത്തുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്